സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം-റിക്വയർമെന്റ് അനാലിസിസിന്റെ മൂന്നാം ഘട്ട റിവ്യൂ മീറ്റിംഗ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 09.09.2024

**പരാമർശം:** 1. ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ 22/08/2024 ലെ കത്ത്.

2. ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ 06/09/2024 ലെ 08/2024/പിഎംഐടി നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന് വേണ്ടിയുള്ള പഴയ ഡി.പി.ആർ വിശകലനം ചെയ്ത് പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള റിക്വയർമെന്റ് അനാലിസ് പ്രവർത്തനങ്ങൾ 80% വരെ പൂർത്തിയായിട്ടുള്ളതാണെന്നും, പ്രസ്തുത ഡോക്യുമെന്റുകൾ പൂർണ്ണതോതിൽ സജ്ജമാക്കുന്നത് സംബന്ധിച്ച് വിഷയ വിദഗ്ദ്ധരായ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിട്ടുള്ള വിവിധ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി 10/09/2024 ൽ തിരുവനന്തപുരത്തെ ദേവസ്വം ബോർഡ് ആസ്ഥാനത്തും 11/09/2024 ൽ ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിലും ഒരു ക്ലാസ് നടത്താവുന്നതാണെന്നും വിവരിച്ചുകൊണ്ടുള്ള ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ കത്ത് (പരാമർശം-1), ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ റിപ്പോർട്ട് (പരാമർശം-2) എന്നിവ ലഭ്യമായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന് വേണ്ടിയുള്ള റിക്വയർമെന്റ് അനാലിസ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ വിഷയം സംബന്ധിച്ച പരാമർശം(1) കത്തിലെ ശിപാർശകളും, പാരാമർശം(2) റിപ്പോർട്ടും ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. **റിക്വയർമെന്റ് അനാലിസ് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിട്ടുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിലേക്കായി 10/09/2024** ൽ തിരുവിതാംകൂർ ദേവസ്വം **ബോർഡ് ആസ്ഥാനത്ത്** വച്ചും, **11/09/2024** ൽ ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ **ഓഫീസിൽ വച്ചും** രാവിലെ *(10 മണി മുതൽ വൈകുന്നേരം 5 മണിവരെ)* ക്ലാസ് സംഘടിപ്പിക്കുന്നതിന് ഉത്തരവാകുന്നു.

2. ക്ലാസിൽ പങ്കെടുക്കുന്നതിനുള്ള വിഷയ വിദഗ്ദ്ധരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്ക് തുടർനിർദ്ദേശങ്ങൾ നൽകുന്നതിന് ഓട്ടോമേഷൻ പ്രൊജക്ട് മാനേജരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
**സെക്രട്ടറി**

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. എല്ലാ ഡിപ്പാർട്ട്മെന്റ് ഓഫീസ് മേധാവികൾക്കും
4. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ
5. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിനായി)*
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി